# പതിനാലാം കേരള നിയമസഭ

## പതിനെട്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.363** **04.02.2020-ൽ മറുപടിയ്ക്ക്**

## അനധികൃത നിത്യ നിധി ഡെയിലി ഡെപ്പോസിറ്റ്

| ചോദ്യം<br>ശ്രീ.പി.വി. അൻവർ | | മറുപടി<br>ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പമന്ത്രി) | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് കേരളാ മണി ലെൻഡേഴ്സ് നിയമപ്രകാരം നിത്യനിധി ഡെയിലി ഡെപ്പോസിറ്റ് സ്വീകരിക്കുന്നതിനാവശ്യമായ ലൈസൻസുകൾ ഏതെല്ലാമാണ്; ഇത്തരം ലൈസൻസുകൾ ഇല്ലാതെ ചില സംഘടനകൾ സംസ്ഥാനത്ത് എൻ.എൻ.ഡി. കളക്ഷൻ സ്വീകരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് സംബന്ധിച്ച് ആർക്കാണ് പരാതി സമർപ്പിക്കേണ്ടത്; വെളിപ്പെടുത്താമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. സംസ്ഥാനത്ത് കേരള മണി ലെൻഡേഴ്സ് നിയമപ്രകാരം നിത്യ നിധി ഡെയ് ലി ഡെപ്പോസിറ്റ് സ്വീകരിക്കുന്നതിനാവശ്യമായ ലൈസൻസുകൾ സംബന്ധിച്ച വിഷയം കേരള പണം കടം കൊടുപ്പുകാർ നിയമം 1958 ന്റെ പരിധിയിൽ വരുന്നതല്ല. ബന്ധപ്പെട്ട പോലീസ് സ്റ്റേഷൻ ഹൗസ് ഓഫീസർമാർക്ക് പരാതി നൽകാവുന്നതാണ്. |
| (ബി) | സർക്കാർ അനുമതി ഇല്ലാതെ എൻ.എൻ.ഡി. കളക്ഷൻ നടത്തുന്ന സംഘടനകൾക്കെതിരെ സ്വീകരിക്കുന്ന നടപടികളെന്തെന്നും ശിക്ഷകളെന്തെന്നും വ്യക്തമാക്കാമോ; | (ബി) | ഇത്തരം സംഘടനകൾക്കെതിരെ ഇന്ത്യൻ പീനൽ കോഡ്, Price Chits & Money Circulation Schemes (Banning) Act തുടങ്ങിയ നിയമപ്രകാരമുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (സി) | നിത്യ സമ്പാദ്യ നിധി, അനധികൃത ചിട്ടികൾ എന്നിവ ചില സംഘടനകളുടെ നേതൃത്വത്തിൽ നടത്തുന്നതായി രേഖാമൂലം പരാതി സമർപ്പിച്ചാൽ സർക്കാർ നടപടി സ്വീകരിക്കുമോ, വിശദമാക്കാമോ? | (സി) | നിത്യ നിധി, അനധികൃത ചിട്ടികൾ എന്നിവ കേരള പണം കടം കൊടുപ്പുകാർ നിയമം 1958 ന്റെ പരിധിയിൽ വരുന്നതല്ല. നിയമപരമായ ലൈസൻസുകളില്ലാതെ നിത്യ സമ്പാദ്യ നിധി, അനധികൃത ചിട്ടികൾ എന്നിവ നടത്തുന്നതായി പരാതിപ്പെട്ടാൽ അത്തരക്കാർക്കെതിരെ നിയമപ്രകാരമുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |

| | | | |
|---|---|---|---|
| | | | അനധികൃത ചിട്ടി ഇടപാടുകൾ സംബന്ധിച്ച്/ വ്യാജ ചിട്ടികളുടെ നടത്തിപ്പ് കണ്ടെത്തുന്ന പക്ഷം ടി സ്ഥാപനത്തിനെതിരെ അന്വേഷണം നടത്തി, തെളിവുകളുടെ അടിസ്ഥാനത്തിൽ അനധികൃത ചിട്ടി നടത്തിയ സ്ഥാപനത്തിനെതിരെ 1982 ലെ ചിട്ടി ഫണ്ട് നിയമ പ്രകാരം പ്രൊസിക്യൂഷൻ നടപടികളാണ് സ്വീകരിക്കുന്നത്. ചിട്ടി നടത്തിപ്പിന്റെ റെഗുലേറ്റർ ആയിട്ടുള്ള ചിട്ടി രജിസ്ട്രാർ കമ്പനി ആക്റ്റിന്റെ പരിധിയിൽ രജിസ്റ്റർ ചെയ്തിട്ടുള്ള കമ്പനികൾ എന്തെങ്കിലും ലംഘനം നടത്തിയതായി കണ്ടെത്തിയാൽ പ്രസ്തുത കമ്പനികൾക്കെതിരെ നടപടികൾ സ്വീകരിക്കുന്നതാണ്. |

Puja

സെക്ഷൻ ഓഫീസർ